സഹകരണ ബാങ്കുകൾ നൽകിയ തുക

17 (283)പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന ഗവണ്മെന്റിന് എന്തെങ്കിലും തുക വായ്പ നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര തുക;

(സി) ഈ തുക ജില്ലാ ബാങ്കുകൾ തിരിച്ച് നൽകണമെന്ന് റിസർവ് ബാങ്ക് ആവശ്യപ്പെട്ടുവോ;

(ഡി) എങ്കിൽ എന്തുതുക തിരിച്ചു നൽകി?

ഉത്തരം

(എ) ഇല്ല.

(ബി)- (ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

റവന്യൂ ചെലവ്

18 (284)ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരമേറ്റതു മുതൽ ഓരോ വർഷവും റവന്യൂ ചെലവ് എത്രയായിരുന്നു;

(ബി) അതിൽ ശമ്പളം, ബത്ത, സർവീസ് പെൻഷൻ, സാമൂഹിക സുരക്ഷിത പെൻഷൻ, വാടക, വൈദ്യുതി, വെള്ളം, വായ്പയിന്മേലും പി.ഡി. അക്കൗണ്ടിൻമേലുമുള്ള പലിശ എന്നിവയ്ക്കുവേണ്ടി ഓരോ വർഷവും ചെലവായ തുക എത്രയാണ്;

(സി) റവന്യൂ വരവിന്റെ എത്ര ശതമാനം വീതമാണ് ഈ ഇനത്തിൽ ചെലവാക്കിയിട്ടുള്ളത്?

ഉത്തരം

(എ) ഈ ഗവണ്മെന്റ് അധികാരമേറ്റതുമുതലുള്ള ഓരോ സാമ്പത്തിക വർഷത്തേയും റവന്യൂ ചെലവ് ഇപ്രകാരമാണ്

(രൂപ കോടിയിൽ)

1996-97	6788.11
1997-98	8241.12
1998-99	9228.08
1999-2000	11218.24

LIBRARY ARCHIVES Kerala Legislative Assembly